

# ശിവരാത്രി പുരാണം



സുധീർ പണിക്കവീട്ടിൽ

അമ്പലമണികളുടെ സ്വർഗ്ഗീയ നാദങ്ങൾക്കൊപ്പം മുഴങ്ങുന്ന പഞ്ചാക്ഷരി മന്ത്രത്തിൽ (ഓം നമ: ശിവായ:) ഒരു രാവും ഒരു പകലും ദൈവീക ചൈതന്യമുൾക്കൊള്ളുന്ന പുണ്യദിവസമാണു് മഹാശിവരാത്രി.. രാവിലെ പൂജകൾ ആരംഭിക്കുമെങ്കിലും രാത്രി മുഴുവൻ നീണ്ടു നിൽക്കുന്ന പൂജകൾക്കാണു് പ്രധാനം. ഈ ദിവസം ബ്രഹ്മ, വിഷ്ണു, മഹേശ്വര എന്നീ ത്രിമൂർത്തികളിൽ മഹേശ്വര എന്ന ശിവനെ ഭക്തർ പൂജിക്കുന്നു. വിശുദ്ധ ത്രിമൂർത്തികളിൽ സൃഷ്ടി നടത്തുന്ന ബ്രഹ്മാവ് തനിക്കാണു് മറ്റുള്ളവരിൽ നിന്നും മഹത്വമെന്ന് അവകാശപ്പെട്ടപ്പോൾ സ്ഥിതി (സംരക്ഷണം) നടത്തുന്ന വിഷ്ണു അത് സമ്മതിക്കാൻ തയ്യാറായില്ല. അവർ തമ്മിൽ ഒരു തർക്കം ആരംഭിച്ചു. അപ്പോൾ അവരുടെ മുമ്പിൽ ചുറ്റും ജ്വാലകളാൽ പൊതിഞ്ഞ ഭീമാകാരമായ ഒരു ലിംഗം പ്രത്യക്ഷപ്പെട്ടു. ഇതിനെ ജ്യോതിർലിംഗം എന്നറിയപ്പെടുന്നു. ആശ്ചര്യഭരിതരായ രണ്ട് പേരും അവരുടെ തർക്കം അവസാനിപ്പിച്ച് ആ ലിംഗത്തിന്റെ ആദിയും അന്തവും തേടി പോയി.

ബ്രഹ്മാവ് ഒരു ഹംസമായി മുകളിലേക്കും വിഷ്ണു ഒരു വരാഹമായി പാതാളത്തിലേക്കും അന്വേഷണം ആരംഭിച്ചു. എന്നാൽ അത് കണ്ടു പിടിക്കാനാകാതെ അവർ വിഷണ്ണരായി.. വിഷ്ണു തോൽവി സമ്മതിച്ചു. ഹംസരൂപത്തിൽ മുകളിലേക്ക് പറന്ന ബ്രഹ്മാവ് കുടവൃക്ഷത്തിൽ പൂക്കുന്ന കേതകി എന്ന പൂവ്വ് ഉയരങ്ങളിൽ നിന്നു താഴെ വീഴുന്നതു കണ്ടിരുന്നു. ബ്രഹ്മാവ് ചോദിച്ചപ്പോൾ ലിംഗത്തിന്റെ മുകളിൽ അർപ്പിക്കപ്പെട്ട പുഷപമാണു താനെന്ന് പറഞ്ഞു. ബ്രഹ്മാവിനു എത്ര മുകളിലേക്ക് പോയിട്ടും ലിംഗത്തിന്റെ ഉയർന്ന അറ്റം കാണാൻ സാധിച്ചില്ല. അതുകൊണ്ട് ബ്രഹ്മാവ് കേതകി പൂവ്വിനെ സ്വാധീനിച്ച് താൻ ലിംഗത്തിന്റെ മുഗൾഭാഗം വരെയെത്തിയെന്ന് കള്ളം പറഞ്ഞു. പൂവ് ബ്രഹ്മാവിനെ പിന്താങ്ങി. ആ ലിംഗത്തിൽ നിന്നും ശിവൻ പ്രത്യക്ഷപ്പെട്ട് താനാണു് അവരെയല്ലം സൃഷ്ടിച്ചതെന്നും തന്മൂലം ലിംഗരൂപത്തിൽ തന്നെ ആരാധിക്കണമെന്നും അറിയിച്ചു. ശിവക്ഷേത്രങ്ങളിൽ ലിംഗാരാധന അങ്ങനെ വന്നതാണു അല്ലാതെ പുരുഷദൈവമായ ശിവന്റെലിംഗത്തെയല്ല അതു അർത്ഥമാക്കുന്നത്. ശിവരാത്രിക്ക് ശേഷം വരുന്ന വസന്തക്കാലത്തിൽ മരങ്ങൾ പുഷ്പ്പിക്കുന്നതു കൊണ്ട് ശിവലിംഗത്തെ പുഷ്കലത്വത്തിന്റെ പ്രതീകമായി ചിലർ കാണുന്നു. സൂക്ഷ്മവും, സ്ഥൂലവുമായ(micro-macro cosmic) ബ്ര്ഹമാണ്ഡത്തെയാണു ഈ ലിംഗം പ്രതിനിധീകരിക്കുന്നത്. ബ്രഹ്മാവ് കള്ളം പറഞ്ഞതു മനസ്സിലാക്കിയ ശിവൻ കോപിച്ചു ബ്രഹമാവിനെ ഭൂമിയിൽ ആരും പൂജിക്കയില്ലെന്നും കേതകി പൂവ്വിനെ പൂജക്ക് എടുക്കയില്ലെന്നും ശപിച്ചു.

ഹിന്ദു പഞ്ചാംഗമനുസരിച്ച് ഫാൽഗുനമാസത്തിലെ ക്രുഷ്ണപക്ഷത്തിൽ മഹാശിവരാത്രി ആഘോഷിച്ചു വരുന്നു. ശിവരാത്രിയുടെ മാഹാത്മ്യത്തെപ്പറ്റി ആലോചിക്കുമ്പോൾ ശിവന്റെ ശക്തിയെക്കുറിച്ചറിയണം. ശിവൻ സംഹാരകർമ്മം നിർവ്വഹിക്കുമ്പോൾ അതു സ്രുഷ്ടിക്ക് അവസരം ഉണ്ടാക്കുന്നു. തന്മൂലം ജനനവും മരണവും ശിവനിൽ തന്നെ സ്ഥിതി ചെയ്യുന്നു. ശിവന്റെ ന്രുത്തം അന്യാപദേശത്തിന്റെ ഒരു ചിത്രപ്രദർശനമാണു്. നിരന്തരമായ അഞ്ചു ഊർജ്ജങ്ങളുടെ (സ്രുഷ്ടി, സ്ഥിതി, സംഹാരം, തിരോഭവം, അനുഗ്രഹം) ആവിഷ്ക്കരണമാണു്. ശിവന്റെ പ്രധാനമായ രണ്ടു ന്രുത്തമാണ് രുദ്രതാണ്ഡവം, ആനന്ദ താണ്ഡവം. ഊർജ്സ്വലമായ ഈ ന്രുത്തമാണു ചാക്രികമായ സ്രുഷ്ടി, സ്ഥിതി, സംഹാരത്തിന്റെ സ്രോതസ്സ്. ശിവരാത്രിദിനത്തിൽ ശിവൻ താണ്ഡവന്രുത്തം ചെയ്യുവെന്ന് വിശ്വസിക്കപ്പെടുന്നു. ശിവൻ താണ്ഡവന്രുത്തം അഥവാ സ്രുഷ്ടി, സ്ഥിതി, സംഹാരന്രുത്തം ചെയ്യ രാത്രിയാണു ശിവരാത്രിയായി ആചരിക്കപ്പെടുന്നത്. പാലാഴി മഥനസമയത്ത് വാസുകി ഛർദ്ദിച്ച കാളകൂട വിഷം ശിവൻ പാനം ചെയ്ത് ലോകത്തെ രക്ഷിച്ചതിന്റെ ഓർമ്മക്കായും ശിവരാത്രി ആഘോഷിക്കുന്നു...

ബ്രുഹ്ദാരണ്യക ഉപനിഷ്ത്ത് പ്രകാരം പുരുഷ എന്ന ആദിബീജം രണ്ടായി പിരിഞ്ഞ് പുരുഷനും (ആൺ) പ്രക്രുതിയും (പെൺ) ഉണ്ടായിയെന്ന് വിശ്വസിക്കുന്നു. ശിവൻെറ ഏറ്റവും പ്രധാനമായ പ്രതിമരൂപങ്ങളിൽ ഒന്നാണു് അർദ്ധനാരീശ്വര രൂപം. അർത്ഥവും വാക്കും പോലെ ശിവനും ശക്തിയും (പാർവ്വതി) വേർപെടുത്താനാവാത്ത ഇണകളാണു. ഇതു ഭാരതീയമായ അർദ്ധനാരീശ്വരസങ്കൽപ്പമാണു്. ആധുനിക ശാസ്ത്രം പരമാണുവിൻെറ രണ്ടു ഘടകങ്ങളായി ഇലക്ട്രോണും, പ്രൊട്ടോണും കണക്കാക്കുന്ന പോലെയാണു് ശിവ-ശക്തിയെന്നാണു് സത്യസായിബാബയുടെ നിഗമനം. ഓം എന്ന പ്രണവമന്ത്രത്തിലും ശിവ-ശക്തി ഉൾക്കൊള്ളുന്നുവെന്നു അദ്ദേഹം പറയുന്നു.

ക്രുഷ്ണപക്ഷത്തിൽ ശിവരാത്രി വരുന്നതുകൊണ്ട് ചന്ദ്രക്കല ചൂടുന്ന ദൈവത്തെ രാത്രി മുഴുവൻ ഭക്തർ ആരാധിക്കുന്നത് അടുത്ത ദിവസം പൂർണ്ണചന്ദ്രനെ കാണാമെന്ന വിശ്വാസത്തിലാകാം.ഒരു രാത്രി മുഴുവൻ ശിവനെ ആരാധിക്കുന്നതിൻെറ പുറകിൽ ഒരു ഐതിഹ്യമുണ്ടു. അതിങ്ങനെ – ശിവഭക്തനായ ഒരു മനുഷ്യൻ വിറക് വെട്ടാൻ പോയി വഴിതെറ്റി കാട്ടിൽ അകപ്പെട്ടു. നേരം ഇരുട്ടുകയും ചെയ്തു. വന്യമ്രുഗങ്ങളുടെ മുരൾച്ചയും, ഗർജ്ജനവും ആ മനുഷ്യനെ ഭയപ്പെടുത്തി. അയാൾ ഒരു മരത്തിൽ കയറിയിരുന്നു. അങ്ങനെ ഇരുന്നു ഉറങ്ങിപോകുമോ എന്ന ഭയം മൂലം മരത്തിൻെറ ഓരൊ ഇല പറിച്ച് താഴേക്ക് ഇട്ടുകൊണ്ടിരുന്നു. അതേ സമയം ശിവനാമം ഉച്ചരിക്കുകയും ചെയ്തുപോന്നു. ആ മരത്തിൻെറ ചുവട്ടിൽ ഒരു ശിവലിംഗം ഉണ്ടായിരുന്നു. മന്ത്രോച്ചരണത്തോടെ അയാൾ താഴേക്കിട്ടിരുന്ന ഇലകൾ അർച്ചനപോലെ അതിൽ വീണുകൊണ്ടിരുന്നു. ആ മരം കൂവള മരമായിരുന്നു. അതിൻെറ ഇല ശിവനു പ്രിയമുള്ളതുമായിരുന്നു. അയാൾ അറിയാതെ ചെയ്തതായിരുന്നെങ്കിലും ആയിരം ഇലകൾ അർപ്പി ച്ചു കഴിഞ്ഞിരുന്നു. തന്മൂലം അയാൾക്ക് മോക്ഷപ്രാപ്തിയും പുണ്യവും നേടാൻ സാധിച്ചു.

ശിവരാത്രി ഒരു അനുഷ്ഠാനം മാത്രമല്ല. ഈ ദിവസത്തെ മനസ്സിലാക്കി അതനുസരിച്ച് പൂജാവിധികൾ ചെയ്യുകയും അതിൻെറ മഹത്വം അറിയുകയും ചെയുമ്പോൾ ആത്മീയമായ ഒരു ഉണർവ് ലഭിക്കുകയും അജ്ഞതയുടെ ഇരുട്ടിൽ നിന്നും അറിവിൻെറ പ്രകാശം കാണുകയും ചെയ്യാൻ കഴിയും. വെറും അന്ധവിശ്വാസം കൊണ്ടു ചെയ്യുന്ന ചടങ്ങുകൾക്ക് ഫലമുണ്ടാകുന്നില്ല. ഏകാഗ്രതയും, കർമ്മനിരതയും, സത്യസന്ധതയുമാണു് വാസ്തവത്തിൽ മനുഷ്യനു വിജയംനേടി കൊടുക്കുന്നത്. അത് ആർജ്ജിച്ചെടുക്കാനുള്ള കരുത്തു ലഭിക്കാൻ മനുഷ്യർ ഒരു പക്ഷെ ഇത്തരം അനുഷ്ഠാനങ്ങൾ ആചരി ച്ചു വന്നതാകാം.

ശുഭം